മി. സ്പീക്കർ: കാര്യോപദേശക സമിതി ചേർന്ന് ഇന്ന് അപരാഹ്ന സമ്മേളനം ഉണ്ടായിരിക്കുന്നതാണെന്ന് തീരുമാനിച്ചതാണ്. മൂന്ന് മണിക്കൂർ സമയം ബഡ്ജറ്റുമായി ബന്ധപ്പെട്ട പൊതുചർച്ചയും അതിനുശേഷം 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ അന്തിമ ഉപധനഭ്യർത്ഥനകൾ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പുമുണ്ട്. ആകെ 6 മണിക്കൂർ നേരത്തെ ചർച്ചയുണ്ടെന്നത് മനസ്സിലാക്കിക്കൊണ്ട് ഒരു സമയക്രമം പാലിച്ചുപോയാൽമാത്രമേ ഇന്നത്തെ സമ്മേളനം വൈകുന്നേരം 6 മണിക്കെങ്കിലും അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ട് സമയക്രമം നിർബന്ധമായും പാലിക്കണം. അടിയന്തരപ്രമേയത്തിന്റെ പ്രൊസീഡിംഗ്സ് എല്ലാംകൂടി 30 മിനിട്ടിനുള്ളിലും ശ്രദ്ധക്ഷണിക്കൽ 10 മിനിട്ടുകൊണ്ടും അവസാനിപ്പിക്കാൻ സാധിക്കണമെന്നും സബ്മിഷനുകളും അവയ്ക്കുള്ള മറുപടികളും കഴിയുമെങ്കിൽ ഒറ്റ വാചകത്തിൽ അവതരിപ്പിക്കുകയും മറുപടി കൂടുതലുണ്ടെങ്കിൽ മേശപ്പുറത്ത് വയ്ക്കുകയും ചെയ്യണമെന്നുമാണ് ചെയർ നിർദ്ദേശിക്കുന്നത്. എല്ലാ അംഗങ്ങളും ഈ കാര്യത്തിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.